# വിഷൻ വോയ്സ്

മലബാറിൽ നിന്നും നേരറിവിന്റെ വാർത്താ പത്രിക

NEWS MAGAZINE

VOL.2 ISSUE 1 | PAGES 08 | PUBLISHED FROM WANDOOR • FOR PRIVATE CIRCULATION ONLY | April 2018


## എ.ജി. മലബാർ ഡിസ്ട്രിക്റ്റ് കോൺഫറൻസും ജനറൽ കൺവൻഷനും



പാ. വി.റ്റി. ഏബ്രഹാം



ഡോ. മുരളീധരൻ



പാ. വർഗ്ഗീസ് ഏബ്രഹാം

**കോഴിക്കോട്:** അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്റ്റ് 21-ാമതു മിനിസ്റ്റേഴ്സ് കോൺഫറൻസും ജനറൽ കൺവൻഷനും 2018 ഏപ്രിൽ 19 മുതൽ 22 വരെ കോഴിക്കോട്ടു നടക്കും. മലബാർ ഡിസ്ട്രിക്റ്റ് സുപ്രണ്ട് പാസ്റ്റർ വി.റ്റി. ഏബ്രഹാം ഉദ്ഘാടനം നിർവഹിക്കും. പാസ്റ്റർ വർഗ്ഗീസ് ഏബ്രഹാം (രാജു മേത്ര), ഡോ. മുരളീധരൻ എന്നിവർ പ്രധാന പ്രസംഗകരായിരിക്കും. രാത്രി യോഗങ്ങൾ കോഴിക്കോട് ബീച്ച് ഓപ്പൺ സ്റ്റേജിലും 20, 21 തീയതികളിൽ കോഴിക്കോട് ട്രിനിറ്റി എ.ജി. ചർച്ചിൽ പകൽ മിനിസ്റ്റേഴ്സ് കോൺഫറൻസും നടക്കും. 21-ാം തീയതി ഓർഡിനേഷൻ ശുശ്രൂഷ ഉണ്ടായിരിക്കും. 22 ഞായറാഴ്ച തിരുവത്താഴ ശുശ്രൂഷയും സംയുക്ത ആരാധനയും പൊതുസമ്മേളനവും നടക്കും. എ.ജി. ക്വയർ ഗാനങ്ങൾ ആലപിക്കും. പാസ്റ്റർ വി.സി. ഏബ്രഹാം (അസി. സുപ്രണ്ട്), പാസ്റ്റർ കെ.കെ.മാത്യു (സെക്രട്ടറി), പാസ്റ്റർ സി.വി.വിൽസൺ (ട്രഷറാർ) എന്നിവർ നേതൃത്വം നൽകും. കൺവൻഷൻ ക്രമീകരണങ്ങൾക്കായി വിപുലമായ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

## ഐ.പി.സി. മലബാർ മേഖല കൺവൻഷൻ ഒരുക്കങ്ങൾ പുരോഗമിക്കുന്നു

സജി മത്തായി കാതേട്ട്

**നിലമ്പൂർ:** ഐ.പി.സി മലബാർ മേഖല കൺവൻഷൻ 2018 നവംബർ 14 മുതൽ 18 വരെ നിലമ്പൂർ - പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടക്കും. രക്ഷാധികാരി പാസ്റ്റർ വി.ജെ.ജോർജ്ജ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ പ്രിൻസ് തോമസ് (റാന്നി), കെ.ജെ.തോമസ് (കുമളി), കെ.സി.ജോൺ, ഷിബു നെടുവേലിൽ, ഡോ. വൽസൻ ഏബ്രഹാം എന്നിവർ പ്രസംഗിക്കും. മലബാർ കൺവൻഷൻ ക്വയർ ഗാനശുശ്രൂഷ നിർവഹിക്കും. ഉപവാസ പ്രാർത്ഥന, സ്നാന ശുശ്രൂഷ, ശുശ്രൂഷക സമ്മേളനം, കാത്തിരിപ്പു യോഗം, സോദരീ സമ്മേളനം, കുട്ടികൾക്കായുള്ള പ്രത്യേക മീറ്റിംഗ്, യുവജന സമ്മേളനം എന്നിവ നടക്കും.

കൺവൻഷന്റെ സബ് കമ്മറ്റി രൂപീകരിച്ചു.

ജനറൽ കൺവീനർ പാസ്റ്റർ ജോൺ ജോർജ്ജ്, ജനറൽ ജോ. കൺവീനേഴ്സ് പാസ്റ്റർമാരായ മാത്യു തോമസ്, ചാക്കോ തോമസ്, എം.വി.മത്തായി, ജയിംസ് അലക്സാണ്ടർ, തോമസ് തോമസ്. ജനറൽ ജോ. കോർഡിനേറ്റേഴ്സ് പാസ്റ്റർമാരായ എം.ജെ. മത്തായി, കെ.ഐ. വർഗ്ഗീസ്, ജോയ് പോൾ, ഏബ്രഹാം ജെയിംസ്, ജോൺ വിക്ടർ, സജി പള്ളിക്കുന്ന്, പ്രോഗ്രാം കൺവീനർ പാസ്റ്റർ ബിജോയ് കുര്യാക്കോസ്, പ്രെയർ കൺവീനേഴ്സ് പാസ്റ്റേഴ്സ് വി.റ്റി. അന്ത്രയോസ്, കെ.ജെ.ഷാജി, പി.സി. മാത്യു. പബ്ലിസിറ്റി കൺവീനേഴ്സ് ബ്രദ.സജി മത്തായി കാതേട്ട്, പാസ്റ്റർ അനിൽ ജോൺ. ജോ. പബ്ലിസിറ്റി കൺവീനേഴ്സ് പാസ്റ്റർ ജോജി ഏബ്രഹാം, ബ്രദ. സാം കൊണ്ടാഴി. പാസ്റ്റർ ജോബിൻ, പാസ്റ്റർ ജോൺസൺ കുര്യൻ, പാസ്റ്റർ ജെയിംസ് വർഗ്ഗീസ്, ബ്രദ. സന്ദീപ് വിളുമ്പുകണ്ടം. ഫിനാൻസ് കൺവീനേഴ്സ് ബ്രദ. ജോർജ്ജ് തോമസ്, ബ്രദ. മാത്യു

ശേഷം പേജ് 7-ൽ

## ഏറനാട് കൺവൻഷൻ സമാപിച്ചു



**വണ്ടൂർ:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ വണ്ടൂർ ഗിൽഗാൽ സഭയുടെ നേതൃത്വത്തിൽ പതിമൂന്നാമത് ഏറനാട് കൺവൻഷൻ വണ്ടൂർ മണലിമ്മൽ ബസ് സ്റ്റാൻഡിനു സമീപം ഫെബ്രുവരി 2-4 വരെ നടന്നു. ഐ.പി.സി. മലബാർ മേഖല പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ്ജ് ഉദ്ഘാടനം ചെയ്തു.

പാപിയായ മനുഷ്യകുലത്തെ രക്ഷിക്കുവാൻ പാപമില്ലാത്ത ക്രിസ്തു ഭൂമിയിൽ അവതരിച്ചു. മുപ്പത്തിമൂന്നിൽപ്പരം വർഷം യേശു ഭൂമിയിൽ ജീവിച്ചു. പാപം നിമിത്തം മലിനമായ ഈ ഭുമിയിൽ പാപമില്ലാത്തവൻ ഗത്സമന തോട്ടത്തിൽ പിതാവിനോടു പ്രാർത്ഥിക്കുന്ന വാചകം, പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ'' എന്നായിരുന്നു. മുഴുവൻ മാനവജാതിയുടെയും പാപം വഹിച്ച് അവിടുന്ന് കാൽവറിയിൽ മരണമേറ്റെടുത്തതിനാൽ നമുക്ക് രക്ഷ കരസ്ഥമായി. ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ വരാൻ പോകുന്ന ന്യായവിധിയിൽ നിന്നും നമുക്കു തെറ്റിയൊഴിയുവാൻ കഴിയില്ല. കാൽവറിയിൽ ഉയർത്തപ്പെട്ട ക്രിസ്തുവിലേക്കു നോക്കി പാപത്തിനു പരിഹാരം നേടി ദൈവപൈതലായിത്തീരാം. ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം ആഹ്വാനം ചെയ്തു.

പാസ്റ്റർമാരായ വി.ജി. മനോജ് നിലമ്പൂർ, കെ.കെ. മാത്യു വയനാട്, രാജു ആനിക്കാട് എന്നിവർ ദൈവവചനം പ്രസംഗിച്ചു. ഞായറാഴ്ച വൈകുന്നേരം ജോയൽ പടവത്തിന്റെ സംഗീതശുശ്രൂഷ ഉണ്ടായിരുന്നു. പാസ്റ്റർ സജി കെ. മാത്യുവിന്റെ നേതൃത്വത്തിലുള്ള ടാഗ് വോയ്സ് സംഗീത ശുശ്രൂഷ നിർവഹിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ അനിൽ ജോൺ നേതൃത്വം നൽകി.

## നിലമ്പൂർ സൗത്ത് സെന്റർ കൺവൻഷൻ സമാപിച്ചു



നിലമ്പൂർ: ഐ.പി.സി. നിലമ്പൂർ സൗത്ത് സെന്റർ കൺവൻഷൻ ഫെബ്രു. 21-25 വരെ ന്യൂ ഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടന്നു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വി.ജെ. ജോർജ്ജ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ അജി ആന്റണി, സാം ജോസഫ് കുമരകം, പ്രിൻസ് തോമസ്, ഫിലിപ്പ് പി. തോമസ് എന്നിവർ ദൈവവചനം പ്രസംഗിച്ചു. ശുശ്രൂഷക സമ്മേളനം, ഉപവാസ പ്രാർത്ഥന, സോദരീ സമാജം, സണ്ടേസ്കൂൾ, പി.വൈ.പി.എ. എന്നിവയുടെ വാർഷികം എന്നിവ നടന്നു. ശനിയാഴ്ച രാവിലെ ന്യൂ ഹോപ്പ് ബൈബിൾ കോളേജ് ഗ്രാജുവേഷൻ നടന്നു. ഞായറാഴ്ച സെന്ററിലുള്ള ലോക്കൽ സഭകളുടെ സംയുക്ത ആരാധന നടന്നു. പബ്ലിസിറ്റി കൺവീനർമാരായി പാസ്റ്റർ അനിൽ ജോൺ, ജോർജ്ജ് ജോസ്, ജോജി ഏബ്രഹാം എന്നിവർ പ്രവർത്തിച്ചു.

## അപ്കോണിന് പുതിയ നേതൃത്വം








പാ. ബെന്നി പി. ജോൺ സാം സക്കറിയ ഈപ്പൻ റെനു അലക്സ് പാ. ജേക്കബ് സാമുവേൽ ജോൺസി കടമ്മനിട്ട രെഞ്ചു മോസസ്

**അബുദാബി:** അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന് (അപ്കോൺ) പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ ബെന്നി പി. ജോൺ (പ്രസിഡന്റ്), പാസ്റ്റർ ജേക്കബ് സാമുവേൽ (വൈസ് പ്രസിഡന്റ്), ബ്രദ. സാം സക്കറിയ ഈപ്പൻ (സെക്രട്ടറി), ബ്രദ.ജോൺസി കടമ്മനിട്ട (ജോ. സെക്രട്ടറി), ബ്രദ.റെനു അലക്സ് (ട്രഷറാർ), ബ്രദ. രെഞ്ചു മോസസ് (ജോ. ട്രഷറാർ), ബ്രദ. സാബു മാത്യു (ഓഡിറ്റർ), ബ്രദ. റോബിൻ ലാലച്ചൻ (ക്വയർ ലീഡർ), ബ്രദ. കെ.പി. പ്രസാദ് (അസി. ക്വയർ ലീഡർ) എന്നിവരെയും അംഗത്വസഭകളിൽ നിന്നും ഓരോ പ്രതിനിധികളെയും തിരഞ്ഞെടുത്തു.

# വിഷൻ വോയ്സ്

വാർത്താ പത്രിക

1193 മീനം – മേടം


എഡിറ്റോറിയൽ

## കേരളത്തിൽ ഉഷ്ണതരംഗത്തിനു സാധ്യതയെന്നു മുന്നറിയിപ്പ്

രാവിലെ പത്തു മണി കഴിഞ്ഞാൽ വീടിന്റെ പുറത്ത് ഇറങ്ങാനാവാത്ത വിധം വേനൽ കടുത്തുകഴിഞ്ഞു. മാർച്ച് ആരംഭിച്ചപ്പോൾ തന്നെ അന്തരീക്ഷ താപനില വൻ തോതിൽ ഉയർന്നു. വരുംദിവസങ്ങളിൽ വടക്കൻ കേരളത്തിൽ താപനില 4 ഡിഗ്രി വരെ ഉയരുമെന്ന് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

പകൽ സമയത്ത് പുറംജോലികൾ ചെയ്യുന്നവർ ജാഗ്രത പാലിക്കണം. 2016 ഏപ്രിൽ അവസാനമാണ് ചരിത്രത്തിലാദ്യമായി കേരളത്തിൽ ഉഷ്ണ തരംഗം റിപ്പോർട്ടു ചെയ്യപ്പെട്ടത്. രണ്ടു ദിവസം 40 ഡിഗ്രിയിലധികം ചൂട് ഉണ്ടാവുകയും ഇത് ശരാശരിയിലും നാലര ഡിഗ്രി കൂടുതലായിരിക്കുകയും ചെയ്യുമ്പോഴാണ് ഉഷ്ണ തരംഗം (ഹീറ്റ് വേവ്) സംഭവിക്കുന്നത്. സൂര്യതാപം ഏല്ക്കുന്നതിനും അതുനിമിത്തം ജീവഹാനി സംഭവിക്കുന്നതിനും സാദ്ധ്യതയുള്ള അവസ്ഥയാണിത്.

വിളർച്ച ബാധിച്ചതു പോലെ ചർമ്മം കാണപ്പെടുക, ക്ഷീണം, ഓക്കാനവും ചെറിയ തലകറക്കവും, സാധാരണയിൽ അധികമായി വിയർക്കുക, ഉയർന്ന തോതിലുള്ള ഹൃദയമിടിപ്പ്, ആഴംകുറഞ്ഞ എന്നാൽ വേഗം കൂടിയ ശ്വാസമെടുപ്പ്, പേശികളുടെ കോച്ചിപ്പിടുത്തം തുടങ്ങിയവയാണ് സൂര്യാഘാതത്തിന്റെ മുന്നറിയിപ്പു ലക്ഷണങ്ങൾ.

ഈ ലക്ഷണങ്ങൾ എന്തെങ്കിലും തോന്നിയാൽ അടുത്തുള്ള തണലിൽ പോയി വിശ്രമിക്കണം. ഉപ്പും പഞ്ചസാരയും ലയിപ്പിച്ചുള്ള വെള്ളം ധാരാളം കുടിക്കണം. അരമണിക്കൂർ കഴിഞ്ഞും ബുദ്ധിമുട്ടു തോന്നുന്നുവെങ്കിൽ ഡോക്ടറെ കാണണം.

പ്രകൃതി കലുഷിതമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വചനം അതിനെപ്പറ്റി പറയുന്നത്, പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല. യഹോവ ഒരു ദദോഷവും തട്ടാതെവണ്ണം നിന്നെ പരിപാലിക്കും. അവൻ നിന്റെ പ്രാണനെ പരിപാലിക്കും എന്നാണ്. ദൈവപൈതലേ, ദൈവത്തിൽ ആശ്രയിച്ചാൽ ഒരു ദോഷവും തട്ടാതെ അവൻ നമ്മെ പരിപാലിക്കും.



പാസ്റ്റർ അനിൽ ജോൺ
പത്രാധിപർ



# സെൽഫിയുടെ ശുശ്രൂഷകൾ!




സുവി. മോൻസി റ്റി.ജെ.
വൈത്തിരി
9745581145


ഏതൊരു രാജ്യത്തിന്റെയും പ്രസ്ഥാനങ്ങളുടെയും നിലനിൽപ്പ് പ്രബുദ്ധരായ യുവജനമാണ്. സഭ ഇന്നു നേരിടുന്ന ഒട്ടനവധി പ്രശ്നങ്ങളിൽ ഒന്നാണ് പ്രതികരണ ശേഷി നഷ്ടപ്പെട്ട് ആത്മശക്തിയും പാപബോധവും കൈമോശം വന്ന നമ്മുടെ യൗവ്വനക്കാർ.

ഇന്നത്തെ തലമുറ നാളെ സഭയ്ക്ക് അനുഗ്രഹമാകണമെങ്കിൽ ദാവീദിനെയും ഏലിയാവിനെയും അല്ല ദാവീദ് പുത്രനായ യേശുക്രിസ്തുവിനെ പ്രസംഗിക്കണം. ക്രിസ്തു കേന്ദ്രീകൃതമായ ശുശ്രൂഷകളിലാണ് പാപബോധവും ആത്മശക്തിയുടെ അനുഭവങ്ങളും ഉണ്ടാകുന്നത്. പഴയ നിയമ ദൈവഭക്തന്മാരുടെ പേരിൽ തട്ടുപൊളിപ്പൻ ദൂതിനായി നാം ശ്രമിക്കുമ്പോൾ മുമ്പിലിരിക്കുന്ന നവ തലമുറ ദൈവീക ഉദ്ദേശത്തിൽ നിന്ന് അകന്ന് പരീശന്മാരും സാദൂക്യരും ആയി മാറുന്നില്ലേ എന്ന് ആശങ്കപ്പെടുന്നു. ആകയാൽ സഭകളിൽ ദൈവവചന ഉപദേശം അടിസ്ഥാനപരമായ ശുശ്രൂഷകളും അതോടൊപ്പം സണ്ടേസ്കൂളുകളും പി.വൈ.പി.എ. പോലുള്ള സംഘങ്ങളും ജീവസുറ്റതായി മാറേണ്ടിയിരിക്കുന്നു.

സോഷ്യൽ മീഡിയ എന്ന പുതിയ മേച്ചിൽപ്പുറങ്ങളിൽ നിന്നു കിട്ടുന്ന പുതുപുത്തൻ ആഹാര രുചിക്കൂട്ടുകളിൽ ആകൃഷ്ടരായി ആത്മശക്തിയും പാപബോധവും പണയപ്പെടുത്തി നൂതന സാങ്കേതിക വിദ്യകളുടെ ഇടനാഴികളിലൂടെ സഞ്ചരിക്കുന്ന നമ്മുടെ യൗവ്വനക്കാർ സഭയ്ക്കു പ്രയോജനപ്പെടണമെങ്കിൽ അവരിലുള്ള കഴിവുകളും ദൈവകൃപയും തിരിച്ചറിഞ്ഞ് അവരെ ക്രിസ്തുവിന്റെ പോരാളികളായി വളർത്തിയെടുക്കുവാൻ സഭയും സഭാനായകരും കുറച്ചുകൂടി ആർജവത്വം കാണിക്കേണ്ടിയിരിക്കുന്നു എന്നു തോന്നിപ്പോകുന്നു.

മരിച്ചാലും ക്ഷമിക്കുകയില്ല എന്ന ഭാവം ക്രിസ്തുവിന്റെ അല്ല. ക്രിസ്തീയ ശുശ്രൂഷ എന്നത് യേശു കാണിച്ചു തന്ന സ്നേഹത്തിന്റെയും ക്ഷമയുടെയും ശുശ്രൂഷയാണ്. അതാണ് യേശുക്രിസ്തുവും പത്രോസും തമ്മിലുള്ള ജീവിത മാതൃക. തള്ളിപ്പറഞ്ഞ പത്രോസിനെ യേശു സ്നേഹിച്ചു, ക്ഷമിച്ചു. പിന്നീട് പത്രോസിനെ സഭയുടെ നായകനായി കാണുന്നു.

സോഷ്യൽ മീഡിയയിലൂടെ സെൽഫി മാനിയായ്ക്ക് അടിമയായിക്കൊണ്ടിരിക്കുന്ന നമ്മുടെ യൗവ്വനക്കാരെ നേർവഴിയിൽ നടത്തുവാനും അദ്ധ്യാത്മിക പ്രബുദ്ധതയുള്ളവരായും പ്രതികരണ ശേഷിയുള്ള പാപബോധത്തിലേക്കു നടത്തണമെങ്കിൽ പ്രിയരെ, നാം മാതൃകയുള്ളവരും ക്ഷമിക്കുന്നവരും സ്നേഹിക്കുന്നവരും ആകേണ്ടിയിരിക്കുന്നു.

***നൂതന സാങ്കേതിക വിദ്യകളുടെ ഇടനാഴികളിലൂടെ സഞ്ചരിക്കുന്ന നമ്മുടെ യൗവ്വനക്കാർ സഭയ്ക്കു പ്രയോജനപ്പെടണമെങ്കിൽ അവരിലുള്ള കഴിവുകളും ദൈവകൃപയും തിരിച്ചറിഞ്ഞ് അവരെ ക്രിസ്തുവിന്റെ പോരാളികളായി വളർത്തിയെടുക്കുവാൻ സഭയും സഭാനായകരും കുറച്ചുകൂടി ആർജവത്വം കാണിക്കേണ്ടിയിരിക്കുന്നു***



ലീഡർ എന്നത് ശിഷ്യഗണത്തിൽ ചിലരെ ലീഡർഷിപ്പിലേക്ക് വളർത്തിയെടുക്കുന്ന ആളാണ്. സെൽഫി മാനിയ ഉള്ള നേതാവിന്റെ ശിഷ്യരും സെൽഫിയുടെ പുത്രന്മാർ തന്നെ. പിന്നെ എങ്ങനെ ജനം സ്വയസ്നേഹികൾ ആകാതിരിക്കും. യൗവ്വനക്കാർ നേരിടുന്ന വെല്ലുവിളികൾ നാം തിരിച്ചറിയണം. അവരെ മനസ്സിലാക്കണം. ഇന്നത്തെ ബഹുഭൂരിപക്ഷം ശുശ്രൂഷകളും മുതിർന്നവരെ ലക്ഷ്യം

ശേഷം പേജ് 7-ൽ


EDITORIAL BOARD

ചീഫ് എഡിറ്റർ
പാസ്റ്റർ അനിൽ ജോൺ

മാനേജിംഗ് എഡിറ്റർ
പാസ്റ്റർ ജോൺ മമ്മരപ്പള്ളി

എഡിറ്റർ :
പാസ്റ്റർ ലാലു ചാക്കോ

അസോസിയേറ്റ് എഡിറ്റേഴ്സ്
ഡോ.സണ്ണി ഫിലിപ്പ്, രാജേഷ് പാണ്ടിക്കാട്
ബ്രദ. അനി മുള്ളമൂട്ടിൽ

ജനറൽ കോർഡിനേറ്റർ
ബ്രദ. ജേക്കബ് വർഗ്ഗീസ്

മാർക്കറ്റിംഗ് മാനേജർ
പാസ്റ്റർ ബിനിഷ് പി.ബേബി

കോർഡിനേറ്റേഴ്സ്
പാസ്റ്റർ കെ..ജെ. തോമസ്,കാരക്കുന്ന്
ബ്രദ.ലാലുമോൻ
പാസ്റ്റർ ഷിജു കുര്യൻ (കണ്ണൂർ)
ബ്രദ. അശ്വന്ത് (കോഴിക്കോട്)



വിലാസം: വിഷൻ വോയ്സ്, വണ്ടൂർ പി.ഒ, നിലമ്പൂർ, മലപ്പുറം – 679328
Ph.: 8138886600, Email: visionvoicewdr@gmail.com Layout: vbabykylm@gmail.com



# വലയിൽ കുടുങ്ങിയ ആബാലവൃദ്ധം!



**സിഞ്ചു മാത്യു**
നിലമ്പൂർ

നിലമ്പൂരിൽ നിന്നും തിരുവല്ലയിലേക്കു പകൽ യാത്ര ചെയ്ത് എത്തണമെങ്കിൽ രണ്ടു ട്രെയിൻ കയറണം. എന്റെ അക്കാലത്തെ പകൽ യാത്രകൾ എത്ര മനോഹരമായിരുന്നു! ആദ്യം കയറുന്ന ട്രെയിൻ രണ്ടു മണിക്കൂറിനുള്ളിൽ ഷൊർണ്ണൂരിൽ എത്തും. അടുത്ത ട്രെയിൻ നാലു മണിക്കൂറിനുള്ളി തിരുവല്ലയിൽ എത്തും. ചുരുക്കിപ്പറഞ്ഞാൽ ആറു മണിക്കൂറുള്ള അന്നത്തെ ട്രെയിൻ യാത്രയിലെ രസങ്ങൾ ഇന്നും സ്മരണകളിൽ നിറയുന്നു. തേക്കിൻകാടിൻ നടുവിലൂടെ കൂകിപ്പായുന്ന തീവണ്ടിയുടെ ജനാലയിലൂടെ പുറത്തേക്കു കണ്ണോടിച്ചാൽ മലകളും പുഴകളും അരുവികളും ഗ്രാമങ്ങളും പട്ടണങ്ങളും.... കമ്പാർട്ടുമെന്റിൽ അടുത്തടുത്തിരിക്കുന്ന യാത്രക്കാർ എല്ലാവരും പരസ്പരം ചുരുങ്ങിയ നേരത്തിനുള്ളിൽ പരിചയക്കാരാകുന്നു. കുശലം പറയുന്നു. നാട്ടു വിശേഷങ്ങൾ പങ്കിടുന്നു. ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ സൗഹാർദ്ദപൂർവ്വം പെരുമാറുന്നു. ഓരോരുത്തരും വിവിധ സ്റ്റേഷനുകളിൽ ഇറങ്ങുമ്പോൾ ഏതോ വേർപിരിയലിന്റെ വേദന ഹൃദയത്തിൽ തിങ്ങുന്ന അവസ്ഥ.

കാലത്തിന്റെ കുത്തൊഴുക്കിനിടയിൽ സാങ്കേതിക വിദ്യയുടെ പുരോഗമനം, അറിവിന്റെ ലോകത്തേക്കുള്ള മനുഷ്യ കടന്നുകയറ്റം.... വീണ്ടും നിലമ്പൂരിൽ നിന്നും തിരുവല്ലയിലേക്കു പകൽ യാത്ര ചെയ്യുമ്പോൾ അന്നത്തേതു പോലെ രണ്ടു ട്രെയിൻ കയറണം. അതിനു മാറ്റം വന്നിട്ടില്ല. പക്ഷേ മാറ്റം വന്നതു മനുഷ്യനു മാത്രം.

കമ്പാർട്ടുമെന്റിനുള്ളിൽ ഞാൻ കണ്ണോടിച്ചു. കോളേജ് വിദ്യാർത്ഥികൾ, കുഞ്ഞുങ്ങൾ, കുടുംബസ്ഥർ, വയോധികർ എല്ലാവരുമുണ്ട്. പക്ഷേ പരസ്പരം ആരും നോക്കുന്നില്ല. പരിചയപ്പെടുന്നില്ല. എല്ലാവരും കുനിഞ്ഞിരിക്കുന്നു. ഓരോരുത്തരുടെയും കയ്യിൽ മൊബൈൽ ഫോൺ ഒന്നും രണ്ടും. ഒരാൾ തനിയെ മൊബൈലിലേക്കു നോക്കിയിരുന്ന് ചിരിക്കുന്നു. കുറച്ചു പേർ ചെവിയിൽ ഹെഡ് സെറ്റ് വച്ചു പാട്ടുകളിലും സംഭാഷണത്തിലും ഏർപ്പെട്ടിരിക്കുന്നു. കുറച്ചു പേർ വിഷാദിച്ചിരിക്കുന്നു. കുറച്ച് കോളേജ് വിദ്യാർത്ഥികൾ ചാറ്റിംഗിൽ മുഴുകിയിരിക്കുന്നു.

അടുത്തിരുന്ന് ഹൃദയം തുറന്നു സംസാരിക്കാൻ ആർക്കും താല്പര്യമില്ല. എല്ലാവരും ഏതോ സ്വപ്നലോകത്തെന്ന പോലെ ജീവിക്കുന്നു. ഈ കാലത്തിന് അന്ത്യകാലം എന്ന വിശേഷണം തന്നെയാണ് ഏറ്റവും യോജിച്ചത്. മനുഷ്യർ സ്വസ്നേഹികൾ ആയിത്തീർന്നിരിക്കുന്നു. പണ്ട് ക്യാമറകൾ ഉപയോഗിച്ചിരുന്നത് മറ്റൊരാളുടെ ചിത്രങ്ങൾ പകർത്താനായിരുന്നുവെങ്കിൽ ഇന്നു ക്യാമറയുടെ ഉപയോഗം സെൽഫിക്കായി മാത്രമെന്നു തോന്നിപ്പോകുന്നു. മാറ്റം ലോകമനുഷ്യനു മാത്രം വന്നു എന്നു ചിന്തിക്കുന്നുവെങ്കിൽ നമുക്കു തെറ്റി.

ആത്മീയമണ്ഡലത്തിലേക്ക് ഒന്നു കണ്ണോടിക്കൂ. കുരുടൻ കുരുടന് വഴികാണിക്കുന്ന അവസ്ഥയിലാണ് കാര്യങ്ങൾ. ഈ ലോകത്തിന് അനുരൂപരാകരുതെന്ന പൗലൊസ് അപ്പൊസ്തലന്റെ പ്രബോധനം ലോകമനുഷ്യർക്കുള്ളതായിരുന്നില്ല. ദൈവമക്കളോടത്രേ. എന്നാൽ ലോകമയത്വത്തിലേക്ക് ദൈവമക്കളും ദൈവദാസന്മാർ എന്നു പേർ പറയുന്നവർ പോലും ഇറങ്ങിപ്പോയിരിക്കുന്നു.

ദൈവം നമ്മെ വെട്ടിക്കളയാതെ ഈ ഭൂമിയിൽ നിലനിർത്തിയത് നല്ല ഫലം കായ്ക്കും എന്ന പ്രതീക്ഷയോടെ ആണെന്ന കാര്യം നാം മറന്നുപോകരുത്. പ്രിയരെ, നാം ഈ ഭൂമിയിൽ പിറന്നുവീണത് ദൈവീക വാഗ്ദത്തത്തോടു കൂടിയാണ്. ബൈബിൾ ഇപ്രകാരം പറയുന്നു, അതിന്റെ ശേഷമോ, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൗവ്വനക്കാർ ദർശനങ്ങളെ ദർശിക്കും. (യോവേൽ 2:28,29). ദൈവീക വാഗ്ദത്തം പ്രാപിച്ച സകല മനുഷ്യരെയും പിശാച് തന്റെ വലയിൽ കുടുക്കുവാൻ ശ്രമിക്കുന്നു. തത്ഫലമായി തലമുറ വഴിപിഴച്ചവരും ദർശനം നഷ്ടപ്പെട്ടവരുമായിത്തീരുന്നു.

ഇവിടെ ആർക്കാണ് തെറ്റു പറ്റിയത്? പിശാചിന്റെ തന്ത്രം ഒന്നുമാത്രം, ഇവ ആരും പ്രാപിക്കരുത്. അതിനു വേണ്ടി അവൻ കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ലതും, കാമ്യവുമായ പലതിലും കുടുക്കി ലോകത്തിന് അടിമയാക്കുന്നു. ഇതിന് രക്ഷ നേടണമെങ്കിൽ പരിശുദ്ധാത്മാവിന്റെ സഹായം അത്യന്താപേക്ഷിതമാണ്. എന്നാൽ ഇന്ന ആത്മീയരെന്ന് അഭിമാനിക്കുന്നവർ തന്നെ ലോകത്തിന്റെ കാര്യങ്ങൾക്കും പ്രശംസയ്ക്കും വേണ്ടി സമയം വേർതിരിക്കുന്നു. അതിനാൽ ദൈവീക വാഗ്ദത്തങ്ങൾ പ്രാപിക്കുവാൻ കഴിയാതിരിക്കുന്നു.

പ്രിയമുള്ളവരെ, സമയം ഇനിയും വൈകിയിട്ടില്ല, നമ്മുടെ മടങ്ങിവരവിനായി പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒരു സ്വർഗ്ഗസ്ഥനായ പിതാവ് നമുക്ക് ഉണ്ട്. ആരും പിശാചിന്റെ വലയിൽ അകപ്പെടാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**അടുത്തിരുന്ന് ഹൃദയം തുറന്നു സംസാരിക്കാൻ ആർക്കും താല്പര്യമില്ല. എല്ലാവരും ഏതോ സ്വപ്നലോകത്തെന്ന പോലെ ജീവിക്കുന്നു. ഈ കാലത്തിന് അന്ത്യകാലം എന്ന വിശേഷണം തന്നെയാണ് ഏറ്റവും യോജിച്ചത്.**





**സജി മത്തായി കാതേട്ട്**

# കണ്ണൂരിലെ അമ്മമാർ

രാഷ്ട്രീയത്തിന്റെ പേരിൽ ചോരക്കളമാവുന്ന കണ്ണൂരിന്റെ മണ്ണിൽ നിസ്സഹായകരാവുന്ന അമ്മമാരെ കുറിച്ച്....... ഒരു നേർ ചിത്രം

കണ്ണൂരിലെ അമ്മമാർ കാത്തിരിക്കുകയാണ്. രാവിലെ പടിയിറങ്ങിപ്പോയ ഭർത്താവ്, മകൻ എപ്പോൾ തിരിച്ചെത്തുമെന്ന്.

ഗർഭപാത്രം മുതൽ സ്നേഹപ്പുതപ്പിട്ടു മൂടി കാത്തുവെച്ച പൊന്നുമോൻ തിരിച്ച് വരുന്നതും കാത്ത്. കണ്ണൂരിലെ അമ്മ മനസുകൾ ഉരുകുകയാണ്.

മനുഷ്യ മനസുകളിലേക്ക് ദുരന്ത വാർത്തകൾ വരുന്നതു സ്ഫോടനം പോലെയാണ്.

പിന്നീട് അവിടം ആർത്തലയ്ക്കലുകളുടെയും ആർത്തനാദത്തിന്റെയും തേങ്ങലുകൾ കേരളത്തിന്റെ കാതോരങ്ങളിൽ മുഴങ്ങുകയായി.

ടെൻഷനുകളുടെ ഒരു ആൾകൂട്ടമായി കേരളം മരവിച്ചുറയ്ക്കുകയാണ്. ഒപ്പം അമ്മമാരും.

വെട്ടിക്കൊല്ലപ്പെടുത്തുന്ന ചെറുപ്പക്കാർ ഏതെങ്കിലും ഒരമ്മയുടെ മകനാണല്ലൊ!

ഇവിടെ അലറിക്കരയാൻ പോലുമാവാതെ അമ്മമാർ ഇരുട്ടിനുള്ളിലേക്ക് മുഖം പൂഴ്ത്തുകയാണ്.

തലശ്ശേരി, പാനൂർ, മാലൂർ, പിണറായി, കതിരൂർ, കൂത്ത്പറമ്പ്..... തുടങ്ങി ഒട്ടേറെ ഗ്രാമങ്ങളിലെ അമ്മമാരുടെ ഉള്ളിലെ കനൽ കട്ടകൾ വെന്തെരിയുകയാണ്.

മക്കളെയോർത്ത് അവർ സ്വയം വരുത്തിവയ്ക്കുന്ന വിധിയോർത്ത് ഇങ്ങിനെ ഉരുകിത്തീരാൻ ഇവിടത്തെ അമ്മമാർ എന്തു തെറ്റു ചെയ്തു?

കണ്ണു കാണാത്ത രാഷ്ട്രീയ പകപോക്കലിനും മതതീവ്രവാദത്തിനും മക്കൾ ഇറങ്ങിത്തിരിച്ച് ജീവ ബലിയായിക്കഴിയുമ്പോൾ അമ്മ മനസിലെ ഉരുക്കം അളന്നെടുക്കാൻ ആർക്കാവും.

അമ്മ ജീവിതങ്ങളെ അരക്ഷിതരാക്കി, യാത്രപോലും പറയാതെ മക്കൾ നടയിറങ്ങുകയാണ്.

മഴയിലും വെയിലിലും കൂരിരുളിലും കാത്തുവെച്ച തങ്കക്കുടങ്ങൾ വഴി മാറി നടക്കുന്നത് ഇരുളിലേയ്ക്കാണെന്നത് ഏത് അമ്മയെയാണ് കണ്ണീരണിയിക്കാതിരിക്കുക.

ഐ.പി.സി.ക്കും ഏ.ജി.യ്ക്കും ശാരോനും ചർച്ച് ഓഫ് ഗോഡിനുമെല്ലാം കണ്ണൂർ ജില്ലയിൽ പലയിടത്തും സഭകളുണ്ടെങ്കിലും കലാപ മണ്ണിൽ ആർക്കും സഭകളില്ല.

*ശേഷം പേജ് 6-ൽ*










# അറിയപ്പെടാത്തവർ എങ്കിലും



**പാസ്റ്റർ മാത്യു തോമസ്**

ഐ.പി.സി. നിലമ്പൂർ നോർത്ത് സെന്റർ മിനിസ്റ്റർ, Ph: 9446242608

ഐ.പി.സി. നിലമ്പൂർ നോർത്ത് സെന്റർ മിനിസ്റ്ററായ പാസ്റ്റർ മാത്യു തോമസ് പാലക്കാട് ജില്ലയിലെ കോരഞ്ചിറ എന്ന സ്ഥലത്ത് ചുണ്ടനാക്കുടി തോമസ് ഏലിയാമ്മ ദമ്പതികളുടെ അഞ്ച് മക്കളിൽ നാലാമനായി ജനിച്ചു. 15-ാം വയസ്സിൽ കർത്താവിനായ് ജീവിതം സമർപ്പിച്ചു.

വീട്ടുലുള്ള കന്നുകാലികളെ മേയ്ച്ചുകൊണ്ട് കാട്ടിലായിരുന്ന സന്ധ്യാസമയം ഞാൻ നിന്നെ എന്റെ വേലക്കായ് തിരഞ്ഞെടുത്തിരിക്കുന്നു. നീ പൂർണ്ണസമയം എന്റെ ആടുകളെ പാലിക്കണം എന്ന ദൈവശബ്ദത്തിനു മുന്നിൽ കർത്തൃവേലയ്ക്കായ് സമർപ്പിച്ചു. അടുത്തമാസം ആത്മസ്നാനം പ്രാപിച്ചു. അതിന്റെ അടുത്ത മാസം സ്നാനപ്പെടുകയും കോട്ടയം, വടവാതൂർ ശാലേം ബൈബിൾ സ്കൂളിൽ ദൈവവചനം പഠനത്തിനുശേഷം കോട്ടയം ജില്ലയിലെ കീഴൂർ, തലയോലപറമ്പ്, നീർപ്പാറ എന്നിവിടങ്ങളിൽ ശുശ്രൂഷിച്ചു.

1980-ൽ തൃശൂർ ചാലാംപാടത്തുള്ള ഒളമനകുഴി പൗലോസിന്റെയും മറിയാമ്മയുടെയും ഏഴ് മക്കളിൽ മൂത്ത മകളായ മോളിയെ വിവാഹം കഴിച്ചു. എറണാകുളം ജില്ലയിലെ തിരുവാങ്കുളം, തൃപ്പൂണിത്തുറ, മണീട് എന്നീ സ്ഥലങ്ങളിൽ ശുശ്രൂഷിച്ചു. എറണാകുളം ജില്ലയിലെ ഹിന്ദുക്കളുടെ പട്ടണമായ തൃപ്പൂണിത്തുറയിൽ പെന്തക്കൊസ്തു ആരാധനയില്ല. ആ സ്ഥലത്ത് പോയി പ്രവർത്തിച്ചു. ഹിന്ദുക്കളിൽ നിന്ന് ഭയങ്കര പ്രശ്നങ്ങളുണ്ടായെങ്കിലും തളർന്നില്ല. പ്രതികൂലം എവിടെയുണ്ടോ അവിടെയേ സഭ വളർന്നിട്ടുള്ളൂയ 25 പേർ രക്ഷിക്കപ്പെട്ടു സ്നാനപ്പെടുവാൻ ഇടയായി. ദൈവകൃപയാൽ സഭ വളർന്നു.

1991-ൽ യൂണിവേഴ്സിറ്റി സഭയുടെ ശുശ്രൂഷകനായി മലബാറിലെത്തി. കോട്ടയ്ക്കലിൽ 75 പേർ കൂടുന്ന ഒരു ചാപ്പലുണ്ടായിരുന്നു. മലപ്പുറം കഴിഞ്ഞാൽ കോട്ടയ്ക്കലിൽ ഇതേ ഉണ്ടായിരുന്നുള്ളൂ. യൂണിവേഴ്സിറ്റിയിൽ യാക്കോബായക്കാരുടെ ഒരു ചെറിയ പള്ളിയുണ്ടായിരുന്നു. കോട്ടയ്ക്കൽ ഉള്ള ക്രിസ്ത്യാനികൾ പലരും ഈ ചാപ്പലിൽ ആരാധന കൂടുവാൻ വരുമായിരുന്നു.

1992-ൽ കോട്ടയ്ക്കലിൽ ഒരു ബൈബിൾ സ്റ്റഡി ആരംഭിച്ചു. ചങ്കുവെട്ടിക്കടുത്ത് അധ്യാപകരുടെ മക്കളെ സൺഡേ സ്കൂൾ പഠിപ്പുക്കും. അതിനുശേഷം മുതിർന്നവർക്ക് ബൈബിൾ കാസെടുക്കും. അന്നത്തെ സൺഡേസ്കൂളിൽ 30 കുട്ടികളുണ്ടായിരുന്നു. 1994-ൽ യൂണിവേഴ്സിറ്റി ചർച്ചിൽ നിന്നും കോട്ടയ്ക്കലിലേക്ക് പ്രവർത്തനത്തിനായി കടന്നുവന്നു. ആ കാലഘട്ടത്തിൽ കോട്ടയ്ക്കൽ പഞ്ചായത്തിൽ ഒരു ക്രിസ്ത്യാനിക്കേ സ്വന്തമായി സ്ഥലവും വീടും ഉണ്ടായിരുന്നുള്ളൂ. ക്രിസ്ത്യാനികൾ വാടക കെട്ടിടത്തിലോ, ക്വാർട്ടേഴ്സിലോ താമസിക്കുമ്പോൾ കലണ്ടറിൽപ്പോലും യേശുവിന്റെ ചിത്രം കണ്ടാൽ അവർ ധൈര്യമായി കടന്ന് വലിച്ചുകീറികളയും. അത്രക്ക് വെറുപ്പായിരുന്നു ക്രിസ്ത്യാനികളോട്. ദൈവദാസൻ കുടുംബമായി താമസിക്കുമ്പോൾ താമസിക്കുവാൻ എടുത്ത വീടിന്റെ സമീപമുള്ള വീട്ടിൽ നിന്നാണ് കുടിക്കുവാനുള്ള വെള്ളം മുക്കിയിരുന്നത്. ഒന്നാമത്തെ ദിവസമേ അവർ പറഞ്ഞു അച്ചന് ഇവിടെ നിന്നു വെള്ളം ഞങ്ങൾ തരില്ല. വളരെ പ്രയാസപ്പെട്ടാണ് 15 കി.മീറ്റർ അകലെ നിന്നാണ് കുടിക്കുവാൻ വെള്ളം കൊണ്ടുവന്നിരുന്നത്. എന്നാൽ ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവർ വന്ന് ക്ഷമപറഞ്ഞു. അച്ചന് ഇന്നുമുതൽ ആവശ്യത്തിനുള്ള വെള്ളം ഇവിടെ നിന്നും കോരാം എന്നു പറഞ്ഞു. അവൻ നിന്റെ പക്ഷം തിരിയും, നീ അവരുടെ പക്ഷം തിരിയുകയില്ല. (യിരവ്യ 15:19) കർത്താവിന്റെ ദാസന്റെ കുടുംബത്തിനുവേണ്ടി സകലവും നന്മക്കായ് കൂടി വ്യാപരിക്കുവാൻ തുടങ്ങി. ഇവിടെയും വലിയ എതിർപ്പുകളുണ്ടായി. കൈവെട്ടും, കാലുവെട്ടും എന്ന് പറഞ്ഞ് പലരും ഭീഷണിപ്പെടുത്തിയെങ്കിലും മരണഭയം ഇല്ലാതെ കർത്താവിനുവേണ്ടി ഉറച്ച് നിന്നു. കോട്ടയ്ക്കലിലെ പ്രവർത്തനം വൈകുന്നേരം 4 മുതൽ രാത്രി 12 വരെയായിരുന്നു. പകൽ എല്ലാവരും ജോലിക്ക് പോകും. നാല് മണി ചെന്നെങ്കിലെ ഇവരെയൊക്കെ കാണുകയുള്ളൂ. മൂന്നും നാലും സ്ഥലത്തും ബൈബിൾ ക്ലാസ് കഴിഞ്ഞ് മടങ്ങിവരുമ്പോൾ രാത്രി 12 നോട് അടുക്കും. രാത്രിയിൽ മടങ്ങി വരുമ്പോൾ ശത്രുക്കൾ പതിയിരുന്നു. വാഹനാപകടത്തിൽ കൊല്ലുവാൻ വരെ പദ്ധതി അവർ ഒരുക്കിയിട്ടുണ്ടായിരുന്നു. ശത്രുവിന്റെ കൈയിൽനിന്നും പതിയിരുപ്പുകാരുടെ കൈയിൽ നിന്നും പലപ്പോഴും കർത്താവ് വിടുവിച്ചുട്ടുണ്ട്. അന്ന് മലബാറിൽ ഏറ്റവും കൂടുതൽ ആത്മാക്കളെ നേടിയത് രണ്ട് പേർ. പാസ്റ്റർ മാത്യു തോമസ്, പാസ്റ്റർ തോമസ് വർഗ്ഗീസ്. ഐ.പി.സി. മലബാർമിഷന്റെ റിപ്പോർട്ടായിരുന്നു.

എടക്കര ഐ.പി.സി. സഭയുടെ ശുശ്രൂഷകനായി നിലമ്പൂരിലെത്തി ഒരു വർഷത്തിനുള്ളിൽ നിലമ്പൂർ നോർത്ത് സെന്റർ ശുശ്രൂഷകനായി ചുമതലയേറ്റു. ചുമതലയേറ്റശേഷം സെന്ററിനുണ്ടായ പുരോഗതിയിൽ ആത്മീകവും ഭൗതീകവും ഉൾപ്പെടും. വിശ്വാസികളുടെ ആത്മീക വളർച്ചയും പുരോഗതിയും ലക്ഷ്യമാക്കി സെന്റർ തലത്തിൽ പലവട്ടം നടത്തിയ കാത്തിരിപ്പ് യോഗങ്ങളുടെ ഫലമായി 289 പേർ ആത്മസ്നാനം പ്രാപിക്കുന്നതിനും തന്മൂലം സെന്റർ തലത്തിൽ വലിയ ഉണർവ്വുണ്ടാകുന്നതിനും എല്ലാ സഭകളിലും പുതിയ ആത്മാക്കളെ ലഭിക്കുന്നതിനും ഇടയായി. കഴിഞ്ഞ 16 വർഷത്തിനിടെ മുന്നോട്ടുവന്ന് സ്നാനപ്പെട്ട 175 പേരുൾപ്പെടെ 425 പേർ കർത്താവിനെ ജലത്തിൽ സാക്ഷിക്കുന്നതിന് സർവ്വശക്തൻ സഹായിച്ചു. 12 സഭകളോടുകൂടെ 1998-ൽ തുടങ്ങിയ പ്രവർത്തനം ഇപ്പോൾ 21 സ്ഥലങ്ങളിൽ നടക്കുന്നു. എല്ലായിടത്തും ശുശ്രൂഷകൻമാർ താമസിച്ച് പ്രവർത്തിക്കുന്നു. 9 സഭകളുടെ പഴയ ഹാളുകൾ പൊളിച്ച് വിശാലമായ 10 ഇടങ്ങളിൽ നല്ല പാർസനേജുകൾ പണിയുവാനും ഇടയായി.

ഈ ഊഷരഭൂമിക്ക് ഉപ്പായിരിക്കേണ്ടതിനും അന്ധകാരം നിറഞ്ഞ ലോകത്തിന് വെളിച്ചം നൽകാനുമാണ് ദൈവം നമ്മെ ആക്കിവെച്ചിരിക്കുന്നത്. അതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പെന്തക്കൊസ്തു മൂല്യങ്ങളെ മുറുകെപിടിച്ചുകൊണ്ടും വേദപുസ്തക ഉപദേശ സത്യങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുമുള്ള ഒരു ജീവിതശൈലിയാണ് പാസ്റ്ററുടേത്. അപ്പോൾതന്നെ സുവിശേഷീകരണത്തിനും ജീവകാരുണ്യപ്രവർത്തനങ്ങൾക്കും മുൻതൂക്കം കൊടുക്കുകയും ചെയ്യുന്നു. ഇതിനകം ലക്ഷക്കണക്കിന് ട്രാക്റ്റുകളും അൻപതിനായിരത്തോളം ബുക്ക്ലെറ്റുകളും അച്ചടിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഭവനരഹിതരായ 12 പേർക്ക് വീടുവെച്ചു നൽകുവാനും തൊഴിൽരഹിതരും ദരിദ്രരുമായ 52 പേർക്ക് തയ്യൽ മെഷീൻ നൽകുവാനും സാമ്പത്തിക ക്ലേശമനുഭവിക്കുന്ന രണ്ടായിരത്തിൽപരം കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുവാനും അനേകരോഗികളേയും ദരിദ്രരേയും വിധവകളേയും സഹായിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

സെന്ററിലെ എല്ലാ കർത്തൃദാസൻമാരും പ്രഭാതത്തിൽ നാലര മണി മുതൽ ഒരു മണിക്കൂർ ദേശത്തിനുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. അവർക്കൊ











## അറിയപ്പെടാത്തവർ എങ്കിലും (തുടർച്ച)



ക്കെ മാതൃകയായി മുക്കാൽ മണിക്കൂർ മുമ്പ് പാസ്റ്റർ പ്രാർത്ഥന തുടങ്ങുന്നു. എല്ലാ ശുശ്രൂഷകൻമാരും ക്ലീൻ ഷേവുകാരും, ആരാധനാവേളകളിൽ വെള്ള വസ്ത്രം മാത്രം ധരിക്കുന്നവരും, വസ്ത്രധാരണത്തിലെ ആക്ഷേപമൊഴിവാക്കുവാൻ ശുശ്രൂഷവേളകളിൽ ഷർട്ട് ഇൻ ചെയ്യാത്തവരും, മരണഭവനങ്ങളിൽ നിന്നും പണം വാങ്ങാത്തവരും, വിശുദ്ധജീവിതത്തിനും ഉപദേശസത്യങ്ങൾക്കും പ്രധാന്യം നൽകുന്നവരുമാണ്. അടുക്കുംചിട്ടയുമുള്ള ജീവിതം അവരുടെ മറ്റൊരു പ്രത്യേകതയുമാണ്. എല്ലാ ശുശ്രൂഷകൻമാർക്കും ഫാമിലി ഇൻഷൂറൻസും ഏർപ്പെടുത്തിയിട്ടുണ്ട്.

ഐ.പി.സി. എറണാകുളം, പിറവം സെന്ററുകളുടെ സെക്രട്ടറി, എറണാകുളം ഡിസ്ട്രിക്ട് പി.വൈ.പി.എ. വൈസ് പ്രസിഡന്റ്, കോഴിക്കോട് സോണൽ പ്രസിഡന്റ്, ബി.എസ്.ഐ. മലപ്പുറം വൈസ് പ്രസിഡന്റ്, മലപ്പുറം ജില്ല പെന്തക്കോസ്ത് ഫെല്ലോഷിപ്പിന്റെ പ്രസിഡന്റ്, എച്ച് എം.ഐ. മലപ്പുറം ജില്ല കോ-ഓർഡിനേറ്റർ, ഐ.പി സി. മലബാർ മേകള സെക്രട്ടറി വിവിധ ബൈബിൾ കോളേജുക ളിൽ അധ്യാപകൻ എന്ന് ങ്ങനെ ഒട്ടേറെ ചുമതലകൾ വഹിച്ചിട്ടുണ്ട്. 1998 മുതൽ നിലമ്പൂർ നോർത്ത് സെന്റർ ശുശ്രൂഷകനായി പ്രവർത്ത് ച്ചുവരുന്നു. ഐ.പി.സി കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗമായി പ്രവർത്തിച്ചിട്ടു ണ്ട്. 37 വർഷമായി ക്രിസ്തു വിനെ പ്രസംഗിച്ചുവരുന്നു ഏകമകൻ സാം മാത്യു. എം എസ്.സി. സൈക്കോളജ് ഫസ്റ്റ് റാങ്കോടെ പാസ്സായ് ഇപ്പോൾ ഹൈദരാബാദിൽ ജോലി ചെയ്യുന്നു.

# പ്രതിഫലം



**അംബുജം എം.കെ.**
**വണ്ടൂർ**

"നീ എല്ലായ്പ്പോഴും യഹോവഭക്തിയോടിരിക്ക; ഒരു പ്രതിഫലം ഉണ്ടാകും നിശ്ചയം" (സദൃശ്യ. 3:17,18). വേണ്ടപ്പെട്ടവർ നമ്മെ മനസ്സിലാക്കുകയോ അർഹിക്കുന്ന പരിഗണന നൽകുകയോ ചെയ്യാത്തപ്പോൾ പരമാർത്ഥികളായവർക്കു നിരാശ തോന്നാം.

മിക്കവാറും വീട്ടമ്മമാർക്ക് താൻ ചെയ്യുന്ന ജോലികൾ ആരും വില കല്പിക്കുന്നില്ല, എന്നെ വേണ്ടവിധം ആരും പരിഗണിക്കയോ അംഗീകരിക്കയോ ചെയ്യുന്നില്ല എന്ന നിരാശ നിറഞ്ഞ തോന്നലുകൾ ഉണ്ടാവുകയും അതിനാൽ അവരുടെ ഉത്സാഹം കെട്ടുപോകാറുമുണ്ട്. അതു സംഭവിക്കുമ്പോൾ അവർ ഇരുട്ട് നിറഞ്ഞ അടിത്തട്ടു കാണാൻ കഴിയാത്ത ആഴമുള്ള കിണറ്റിലേക്കു താണുപോകുന്ന അവസ്ഥയിലായിത്തീരാം.

കുറ്റപ്പെടുത്തലുകൾ ഒഴിവാക്കി അവളുടെ സേവനത്തെ പ്രശംസിക്കുവാനും അംഗീകരിക്കുവാനും പ്രിയപ്പെട്ടവർ തയ്യാറായാൽ കുറെക്കഴിഞ്ഞ് അവൾ തനിയെ ആ കിണറ്റിൽ നിന്നും കയറി വന്നുകൊള്ളുമെന്നാണ് ഒരു ഗ്രന്ഥകാരൻ പ്രതിപാദിച്ചിരിക്കുന്നത്.

നമ്മുടെ ആത്മാർത്ഥതയും സ്നേഹവും തിരിച്ചറിയാതെ നമ്മെ കുറ്റപ്പെടുത്തുന്നവരാണ് സമൂഹത്തിലേറെയും. അത് ജീവിത പങ്കാളിയോ, മാതാപിതാക്കളോ, അദ്ധ്യാപകരോ, സഹപ്രവർത്തകരോ, സ്നേഹിതരോ മക്കളോ ഒക്കെ ആകാം.

ദൈവാലയത്തിൽ ചെന്ന് ഹൃദയ നൊമ്പരത്തോടെ പ്രാർത്ഥിക്കുന്ന വന്ധ്യയായ ഹന്നയെ മദ്യപിച്ചവൾ എന്നു തെറ്റിദ്ധരിച്ച് മഹാപുരോഹിതനായ ഏലി, ഒരു നീച സ്ത്രീയോടെന്നപോലെ അവളോടു സംസാരിച്ചത് ശമൂവേലിന്റെ പുസ്തകം ഒന്നാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ യാഥാർത്ഥ്യം മനസ്സിലാക്കിയപ്പോൾ അദ്ദേഹം ഹന്നായെ അനുഗ്രഹിച്ചു. ഇന്നും പലരും ഇതുപോലെ യാഥാർത്ഥ്യം തിരിച്ചറിയാതെയാണ് പലരും സംസാരിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നത്. എന്നാൽ ഹന്നയെ യഥാർത്ഥമായി അറിഞ്ഞ ദൈവം അവൾക്കു നൽകിയ മകനാണ് ശമൂവേൽ പ്രവാചകൻ.

വിലയേറിയ പരിമള തൈലം യേശുവിന്മേൽ പൂശുവാൻ വന്ന സ്ത്രീയെ ശിഷ്യന്മാർ വിമർശിക്കുന്നതായി മർക്കൊസ് 14:3-9 രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യേശു അവളെയും അവളുടെ പ്രവർത്തിയെയും അംഗീകരിക്കുകയാണ് ചെയ്തത്. നാം ചെയ്യുന്നത് എല്ലാം നല്ല മനസ്സോടെ കർത്താവിനെന്നവണ്ണം ചെയ്യുക.

അഹശ്വരോശ് രാജാവിന്റെ ജീവനെ രക്ഷിക്കുവാൻ യഹൂദനായ മോർദ്ദെഖായിയെ ദൈവം ഉപയോഗിച്ചപ്പോൾ താൻ ചെയ്ത സേവനത്തിന് ഉടനെ പ്രതിഫലം ഒന്നും ലഭിച്ചില്ലെങ്കിലും ആ സംഭവം രാജാവിന്റെ ദിനവൃത്താന്തപുസ്തകത്തിൽ രേഖപ്പെട്ടിരുന്നു. പിന്നീട് ആ സംഭവം വായിച്ചുകേട്ട രാജാവ് അവന് എന്തു പ്രതിഫലം കൊടുത്തു എന്ന് അന്വേഷിച്ചു. ശത്രുവായ ഹാമാൻ തന്റെ ജീവനെ എടുത്തുകളയുവാൻ അനുമതി ചോദിക്കുവാനെത്തിയ നിമിഷത്തിൽ തന്നെ മോർദ്ദെഖായിക്കു പ്രതിഫലവും ബഹുമാനവും ലഭിക്കുവാനിടയായ നാടകീയ സംഭവങ്ങൾ എസ്ഥേറിന്റെ പുസ്തകത്തിൽ കാണാം.

പ്രിയ ദൈവജനമേ, ആരൊക്കെ നമ്മെ മറന്നുകളഞ്ഞാലും മറക്കാത്ത ഒരു ദൈവം നമുക്കു പ്രതിഫലം നൽകുമെന്ന് ഉറപ്പായി വിശ്വസിക്കുക. ആത്മാർത്ഥതയും സ്നേഹവും വിശ്വസ്തതയും നിറഞ്ഞ പ്രവൃത്തികൾ ഇനിയും നമ്മെ വിളിച്ച ദൈവത്തിനു വേണ്ടി തുടരാം. പ്രതിഫലം നമുക്കു കർത്താവ് നൽകും, സുനിശ്ചിതമാണ്

# ലുദിയ

കവിത



**അക്സാ ജോൺ**
**വണ്ടൂർ**

ലുദിയ എന്നൊരു ദൈവഭക്ത
തുയഥൈര പട്ടണക്കാരി-
അവൾ തൻ തൊഴിലാകും
രക്താംബരം വിൽക്കുംവേളയിൽ
അപ്പൊസ്തലനാം പൗലൊസ്
പുഴവക്കത്തിരുന്നതാം സ്ത്രീജനത്തോടു
ദൈവവചനം സംസാരിച്ചപ്പോൾ
വചനം ശ്രവിപ്പതിനായ്
കർത്താവ് താൻ അവളുടെ ഹൃദയം തുറന്നു
വചനം ശ്രവിച്ചു വിശ്വസിച്ചതാം
ലുദിയായും കുടുംബവും സ്നാനമേറ്റു.

# ഡയറക്ടറി പ്രകാശനം



വിഷൻ വോയ്സ് പ്രസിദ്ധീകരിച്ച മലബാർ പെന്തെക്കോസ്തു ചരിത്രം ഉൾക്കൊള്ളുന്ന ഡയറക്ടറിയുടെ പ്രകാശനം പാസ്റ്റർ ഫിലിപ്പ് പി. തോമസ്, പാസ്റ്റർ ജോൺ ജോർജ്ജ് (ഐ.പി.സി. മലബാർ മേഖല പ്രസിഡന്റ്) ചേർന്ന് നിർവഹിക്കുന്നു. വിഷൻ വോയ്സ് ചീഫ് എഡിറ്റർ പാസ്റ്റർ അനിൽ ജോൺ സമീപം.

തിരുവചന ദർശനം

# റോമാലേഖന പഠനം

## റോമിലെ സഭ

ഭാഗം 3



പാസ്റ്റർ ലാലു ചാക്കോ
ചിറ്റാർ
9947084383

റോമിലെ സഭയുടെ ഉത്ഭവത്തെക്കുറിച്ചോ വ്യാപ്തിയെക്കുറിച്ചോ ആധികാരികമായുള്ള തെളിവുകൾ ഒന്നും തന്നെ പുതിയനിയമ എഴുത്തുകളിൽ നിന്നും നമുക്കു ലഭിക്കുന്നില്ല. ഈ സഭയുടെ സ്ഥാപകൻ പൗലൊസ് ആയിരുന്നില്ല എന്നു വ്യക്തമാണ് (റോമ.15:20-23). കത്തോലിക്ക വീക്ഷണപ്രകാരം പാരമ്പര്യം പറയുന്നത്. പത്രൊസിനാൽ ഇവിടെ സഭ സ്ഥാപിതമായി എന്നാണ്. എന്നാൽ അതിന് മതിയായ ചരിത്രത്തെളിവുകൾ ഒന്നും നമുക്കു ലഭിക്കുന്നില്ല. AD. 50-ലെ യെരുശലേം കൗൺസിൽ വരെ പത്രൊസ് യെരുശലേമിൽ തന്നെയുണ്ടായിരുന്നു (അപ്പൊ.പ്രവൃ.15). ഇതിനു മുമ്പേ തന്നെ റോമിലെ വിശ്വാസികൾ ഭവനങ്ങളിൽ ദൈവത്തെ ആരാധിച്ചു പോന്നിരുന്നു. മാത്രമല്ല, പത്രൊസിനാൽ സഭ സ്ഥാപിതമായി എന്നു സമ്മതിച്ചാൽ തന്നെ മറ്റൊരുവൻ പണിതതിനു മീതെ പണിയുവാൻ പൗലൊസ് ആഗ്രഹിച്ചിരുന്നില്ല (റോമ.15:20) എന്നു വ്യക്തമാക്കിയിരിക്കയാൽ പത്രൊസ് അവിടെ വേല തുടങ്ങിയില്ല എന്നു തന്നെ അനുമാനിക്കാം.

അപ്പൊസ്തലന്മാരിൽ ആരും തന്നെ റോമിൽ സഭ സ്ഥാപിച്ചതായി യാതൊരു തെളിവും നമുക്കു ലഭിക്കുന്നില്ല. പത്രൊസ് റോമിൽ സഭ സ്ഥാപിക്കുകയും ഈ സഭയുടെ ഒന്നാമത്തെ അദ്ധ്യക്ഷനായി ഇരിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള വാദം തികച്ചും അടിസ്ഥാനരഹിതമാണ്. അഥവാ അങ്ങനെ ഒന്നുണ്ടായിരുന്നെങ്കിൽ പൗലൊസ് 16-ാം അദ്ധ്യായം അദ്ധ്യായത്തിൽ വ്യക്തിപരമായി വന്ദനം പറയുന്ന കൂട്ടത്തിൽ പത്രൊസിന്റെ പേരും നിർദ്ദേശം ചെയ്യുമായിരുന്നു. കൂടാതെ റോമർ 16:1-13ൽ "എനിക്കു ശേഷം ജാതികളിൽ എന്ന പോലെ നിങ്ങളിൽ വല്ല ഫലവും ഉണ്ടാകേണ്ടതിന്... നിങ്ങളുടെ അടുക്കൽ വരുവാൻ ഭാവിച്ചു" എന്ന് പറയുന്നതിനാലും ഗലാത്യർ 2:7,8 വാക്യങ്ങളിൽ നിന്നും പത്രൊസിന്റെ വേല പരിച്ഛേദനക്കാരുടെ ഇടയിൽ എന്നു വ്യക്തമാകുന്നതിനാലും പത്രൊസ് റോമിൽ സഭ സ്ഥാപിച്ചിട്ടില്ല എന്നത് അവിതർക്കിതമാണ്.

**റോമിലെ സഭ എങ്ങനെ സ്ഥാപിതമായി?**

റോമിലെ സഭാസ്ഥാപനത്തിനു സഹായകരമായ നാല് കാര്യങ്ങൾ ഏറെക്കുറെ ഉണ്ടായിരുന്നു.

1. പെന്തെക്കോസ്തു നാളിലെ പ്രത്യേക അനുഭവത്തിൽ രക്ഷിക്കപ്പെട്ടവരും പരിശുദ്ധാത്മസ്നാനത്തിന്റെ അനുഭവസ്ഥരും ദൃക്സാക്ഷികളുമായിരുന്ന റോമാ ദേശക്കാരിൽ ചിലരെങ്കിലും റോമിൽ മടങ്ങിയെത്തി തങ്ങൾ അനുഭവിച്ചറിഞ്ഞ സത്യത്തിന് അവിടെ സാക്ഷ്യം വഹിച്ചിട്ടുണ്ടെന്ന് അനുമാനിക്കാം (അപ്പൊ. പ്രവൃ. 8:4).

2.സ്തെഫാനോസിന്റെ രക്തസാക്ഷിത്വ മരണത്തോടു കൂടി ചിതറിപ്പോയവരിൽ ചിലർ റോമിലെത്തി സുവിശേഷ പ്രചരണം നടത്തിയിരിക്കാം (അപ്പൊ. പ്രവൃ.8:4).

3. റോമാനഗരം പുരാതന ലോകത്തിന്റെ തലസ്ഥാനമായിരുന്നതിനാൽ വിവിധ ആവശ്യങ്ങൾക്കായി ആളുകൾ പലസ്തീൻ ഉൾപ്പെടെയുള്ള അന്യസ്ഥലങ്ങളിലേക്കും തിരികെ റോമിലേക്കും പൊയ്ക്കൊണ്ടിരുന്നു. ഇങ്ങനെയുള്ള ഗതാഗത ബന്ധങ്ങളും ക്രിസ്തീയ വിശ്വാസം അവിടെ പ്രചരിക്കുന്നതിന് കാരണമായിത്തീർന്നിരിക്കാം.

4. മക്കദോന്യയിലും അഖായയിലും ആസ്യയിലും പൗലൊസിന്റെ പ്രസംഗം കേട്ടു രക്ഷിക്കപ്പെട്ടവർ ഒരുപക്ഷേ അടുത്ത രാജ്യമായ ഇറ്റലിയിലും സുവിശേഷം പ്രചരിപ്പിച്ചിരിക്കാം.

ഒന്നാം നൂറ്റാണ്ടിൽ റോമിൽ ആരംഭിച്ച സഭ തികച്ചും അപ്പൊസ്തലിക ഉപദേശങ്ങളുടെ മേൽ കെട്ടുപണി ചെയ്തതായിരുന്നു എന്നത് നിസ്തർക്കമാണ്. അത് ഒരിക്കലും ഇന്നത്തെ റോമൻ കത്തോലിക്ക സഭ അല്ലായിരുന്നു എന്നതു വളരെ വ്യക്തമാണ്.

പൗലൊസിന്റെ കാലയളവിൽ റോമിൽ നിലവിലുണ്ടായിരുന്ന സഭയുടെ പൊതുസ്വഭാവത്തെക്കുറിച്ച് ഈ ലേഖനത്തിൽ നിന്നും നമുക്കു ഗ്രഹിക്കുവാൻ കഴിയുന്ന ഒരു സംഗതി അത് യെഹൂദാ ക്രിസ്ത്യാനികളും യവനായ ക്രിസ്ത്യാനികളും ഉൾക്കൊണ്ടിരുന്ന ഒരു സഭ ആയിരുന്നു എന്നതാണ്.

(തുടരും).

## കണ്ണൂരിലെ അമ്മമാർ......

ക്രിസ്ത്യാനികളോ അവരുടെ പള്ളികളോ ഇല്ലാത്ത സ്ഥലമാണ് പാനൂരും ശിവപുരവും മാലൂരും കതിരൂരുമൊക്കെ. ഇവിടെയാരും സുവിശേഷവുമായെത്താറില്ല.

പാനൂരിലെ ഒരേയൊരു വിശ്വാസിയാണ് മലബാർ ശാലേം മിഷന്റെ പ്രവർത്തകനായ കുമാരൻ. അദ്ദേഹം വിശ്വസ്തയോടെ ദൈവവേല ചെയ്യുന്നു. ആദ്യമൊക്കെ സുവിശേഷവുമായി ഇവിടെയെത്തുന്നവരെ വിരട്ടിയോടിക്കുമായിരുന്നു. എന്നാൽ ഈയിടെയായി പരസ്യയോഗങ്ങളിലും സുവിശേഷ പ്രവർത്തനങ്ങളിലും ജനങ്ങൾ കൂട്ടമായി എത്തുകയും ലഘുലേഖകൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

കണ്ണൂരിലുള്ളവർ ഏറെയും മനുഷ്യ സ്നേഹികളാണ്. സമാധാനം കാംക്ഷിക്കുന്നവരാണ്. പക്ഷെ നിസ്സഹായവസ്ഥയിലായ അവരുടെ വാക്കുകൾക്ക് ആരും അർത്ഥം കല്പിക്കുന്നില്ല.

ഹർത്താലും ബന്ദും കണ്ണൂരിന്റെ മുഖമുദ്രയായിക്കഴിഞ്ഞു. രാജ്യം ശിഥിലമാകുന്ന തീവ്രവാദത്തിന്റെ കണ്ണികൾ കണ്ണൂരിൽ നിന്നാണെന്ന റിപ്പോർട്ടുകൾ കണ്ണൂരിന്റെ തീവ്ര മുഖത്തിനു ഭീകരതയും കൂടി കൂരിരുട്ടാക്കി.

ആദ്യം സ്നേഹമായും പണമായും സൗകര്യങ്ങളായും ചെറുപ്പക്കാരെ സമീപിക്കുന്ന തീവ്രവാദം പിന്നീടവരെ മരണത്തിലേക്കാണ് റിക്രൂട്ട് ചെയ്യുന്നതെന്ന യഥാർത്ഥ്യം ഏതു മനസ്സിനെയാണ് വേദനിപ്പിക്കാത്തത്.

ഒറ്റപ്പെടുത്തലിന്റെ കൂടാരത്തിനുള്ളിൽ ചില ഗ്രാമങ്ങളും കുടുംബങ്ങളും സ്ത്രീകളും കുട്ടികളും തള്ളിമാറ്റപ്പെടുകയാണ്. പൊടുന്നനെ മക്കൾ നഷ്ടപ്പെടുന്ന അച്ഛനമ്മമാർ, ഭർത്താക്കൾ നഷ്ടപ്പെടുന്ന ഭാര്യമാർ, അച്ഛനില്ലാത്ത മക്കൾ....ശേഷിക്കുന്നത് അവർ ബാക്കി വെച്ച നിറവേറാത്ത ചില സ്വപ്നങ്ങൾ.

കണ്ണൂരിലെ മലയോര പ്രദേശങ്ങളിലാണ് പെന്തെക്കോസ്തു സഭകളും സെന്ററുകളും ഉള്ളത്.എന്നാൽ മറ്റിടങ്ങളിൽ സുവിശേഷവുമായെത്താൻ ആരും ധൈര്യപ്പെടുന്നില്ല.

പക്ഷെ ഈ ഗ്രാമങ്ങളിൽ സുവിശേഷം കാതോർത്തിരിക്കാൻ ഒട്ടേറെ പേരുണ്ട്.

നമ്മുടെ സഭകളിലെ മുഖ്യ അജണ്ട തിരുത്തപ്പെടേണ്ടിയിരിക്കുന്നു. ഒട്ടേറെ സുവിശേഷ പ്രവർത്തകരും ഇവാഞ്ചലിസം ടീമും ബസിലും വാനിലും ജീപ്പിലുമൊക്കെ കണ്ണൂരിലേക്കും മലബാറിലേക്കും വരുന്നുണ്ട്. പക്ഷെ അവരിലേറെയും മദ്യത്തിനും മയക്കു മരുന്നിനുമെതിരെ പ്രസംഗിച്ചും ഫിലിം കാണിച്ചും സംതൃപ്തിയടയുന്നു.

അശാന്തിയിൽ കിടന്നുറങ്ങുന്ന ഇവിടത്തുകാർക്ക് ആരും ക്രിസ്തുവിനെ കൊടുക്കുന്നില്ല. ഇവിടത്തെ അമ്മമാരെയും യുവാക്കളെയും ഓർക്കുന്നില്ല.

'ദൈവസഹായവും', 'തമ്പിയുടെ ഹൃദയവും', ബൈബിൾ സന്ദേശങ്ങളും എത്തേണ്ട കൈകളിൽ പാൻ മസാലയുടെയും കഞ്ചാവിന്റെയും ദോഷവശങ്ങൾ നല്കുന്നു.

എന്നാൽ കഴിഞ്ഞ ചില മാസങ്ങളായി ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ മലബാർ ഇവാഞ്ചലിസം ബോർഡ് ആരും എത്തിപ്പെടാത്ത പാർട്ടി ഗ്രാമങ്ങളിൽ ശക്തമായി സുവിശേഷം അറിയിക്കുകയും ബൈബിൾ പ്രതികൾ നല്കുകയും ചെയ്യുന്നുണ്ട്.

ബോംബും വടിവാളും കഠാരയും കുമിഞ്ഞുകൂടുന്ന ഈ ഗ്രാമങ്ങളിൽ പോകാനുള്ള ചങ്കൂറ്റം മറ്റിതര സുവിശേഷ സംഘടനകൾക്കും ഉണ്ടാവണം.

ഇവിടത്തെ ആൺമക്കൾ ഇരുട്ടുമ്പോഴാണ് വീട്ടിലെത്തുക. ഇരുളിലെത്തുന്ന മകന്റെ മുഖം അമ്മയ്ക്ക് കാണാനാവുന്നില്ല.

ഉറക്കച്ചടവ് പാടകെട്ടിയ കൺപോളകൾക്ക് മകന്റെ കണ്ണിലെ തിളക്കത്തിന്റെ അർത്ഥം അറിയാനാവുന്നില്ല. നിഷ്കളങ്കരായ മാതാക്കൾ.

ഒപ്പം കളിച്ച് വളർന്നവന്റെ കരളിലേക്ക് കുത്തിയിറക്കുന്ന കഠാരയുടെ തിളക്കമാണവന്റെ കണ്ണുകളിലെന്ന് ആരും അറിയാതെ പോവുന്നു.

സാമൂഹ്യ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു സർവ്വെ എടുത്തു കഴിഞ്ഞ് സന്ധ്യയ്ക്ക് ആ ഗ്രാമം വിട്ടൊഴിഞ്ഞ് വരുമ്പോൾ മനസ് മന്ത്രിച്ചു ഇവിടെ ഇനിയെന്നാണ് തമ്പേറടിയുടെ ശബ്ദം ഉയരുന്നത്.

ഇവിടത്തെ യുവാക്കൾ എന്നാണ് ബൈബിൾ സെമിനാരികളിലേക്ക് പോകുന്നത്.

ഒറ്റക്ക് പോയി സുവിശേഷം അറിയിക്കാൻ ധൈര്യമില്ലാത്തതിനാൽ ഒരിക്കൽ പി.വൈ.പി.എ ക്കാരെ വിളിച്ചപ്പോൾ അവർക്ക് അംഗത്വം ചേർക്കുന്നതിന്റെ തിരക്കായിരുന്നു. മറ്റൊരു സംഘടനക്കാർ താലന്ത് പരിശോധനയ്ക്ക് ചെസ്റ്റ് നമ്പർ എഴുതുന്ന തിരക്കിലായിരുന്നു.

ഇവിടത്തെ അമ്മമാർക്ക് ആൺമക്കളില്ലാതാവുകയാണ്.

ഇവിടത്തെ ഭാര്യമാർക്ക് ആൺതുണയില്ലാതാവുകയാണ്.

സ്കൂളിലേക്ക് പോവുന്ന കുഞ്ഞുങ്ങളുടെ ചെറുവിരലിൽ പിടിക്കാൻ പിതാക്കളില്ലാതാവുകയാണ്.

കണ്ണൂരിലെ അമ്മമാർ ചോദിക്കും ഈ കണ്ണീരെന്ന് ആനന്ദാശ്രുക്കളാവും. ഒരു മകൻ എന്തായിരിക്കണമൊരമ്മയ്ക്ക് മകനായിരിക്കണം. എങ്കിലെ കണ്ണൂരിലെ അമ്മമാർക്ക് അമ്മയാകാനാവു...

# സെന്റർ കൺവൻഷനുകൾ

### കോഴിക്കോട് സെന്റർ

**കോഴിക്കോട്:** ഐ.പി.സി. കോഴിക്കോട് സെന്റർ കൺവൻഷൻ മാർച്ച് 2.3 തീയതികളിൽ ചെമ്പനോട ബഡ്സ് സ്കൂൾ ഗ്രൗണ്ടിൽ നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ ബാബു ഏബ്രഹാം ഉദ്ഘാടനം ചെയ്തു. പാസ്റ്റർ എബി അച്ചൻ (കൊട്ടാരക്കര) വചനം പ്രസംഗിച്ചു. പീറ്റർ വർഗീസ് സംഗീത ശുശ്രൂഷയ്ക്കു നേതൃത്വം നൽകി. സോദരീസമാജം, പി.വൈ.പി.എ. സണ്ടേസ്കൂൾ വാർഷികവും നടന്നു.

### പാലക്കാട് സെന്റർ



**പാലക്കാട്:** ഐ.പി.സി. പാലക്കാട് നോർത്ത് സെന്റർ കൺവൻഷൻ എടക്കുറിശ്ശി നീലഗിരി കൺവൻഷൻ സെന്ററിൽ ഫെബ്രു. 15-18 വരെ നടന്നു. സെന്റർ മിനിസ്റ്റർ എം.വി. മത്തായി ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ പ്രിൻസ് തോമസ് (റാന്നി), കെ.ജെ. തോമസ് കുമളി, ജോൺസൺ ദാനിയേൽ ചെറുവക്കൽ, ഷിബു നെടുവേലിൽ (ഐ.പി.സി. കേരളാ സ്റ്റേറ്റ് സെക്രട്ടറി) എന്നിവർ പ്രസംഗിച്ചു. ദാനിയേൽ നീലഗിരി സംഗീതശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

### നിലമ്പൂർ നോർത്ത് സെന്റർ

**എടക്കര:** ഐ.പി.സി. നിലമ്പൂർ നോർത്ത് സെന്റർ കൺവൻഷൻ ഫെബ്രു. 8-11 വരെ നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ മാത്യു തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ കെ.സി.തോമസ് (ഐ.പി.സി. കേരളാ സ്റ്റേറ്റ് പ്രസിഡന്റ്), ജെയിംസ് ജോർജ്ജ്, ജിജി പോൾ, സിസ്റ്റ. ശ്രീലേഖ എന്നിവർ പ്രസംഗിച്ചു. ഹെവൻലി വോയ്സ് ഗാനശുശ്രൂഷ നടത്തി. പാസ്റ്റർ ഇ.വി. ഷെൽബി, പാസ്റ്റർ കെ.ജെ. ജോസഫ് എന്നിവർ നേതൃത്വം നൽകി.

### വയനാട് സെന്റർ

**മീനങ്ങാടി:** ഐ.പി.സി. വയനാട് സെന്റർ കൺവൻഷൻ ഫെബ്രു. 8-11 വരെ മീനങ്ങാടി പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ നടന്നു. പാസ്റ്റർമാരായ ഷിബു തോമസ്, അനീഷ് ഏലപ്പാറ, ബിനു ആലുംമൂട്ടിൽ, അലക്സ് വെട്ടിക്കൽ എന്നിവർ ദൈവവചനം പ്രസംഗിച്ചു. ഗ്ലോറിഫൈ മെലഡി കോഴിക്കോട് സംഗീത ശുശ്രൂഷ നിർവഹിച്ചു. പാസ്റ്റർ ജോർജ്ജ് തോമസ് മീനങ്ങാടി പബ്ലിസിറ്റി കൺവീനറായി പ്രവർത്തിച്ചു.

### ഇരിട്ടി സെന്റർ

**ഇരിട്ടി:** ഐ.പി.സി. ഇരിട്ടി സെന്റർ കൺവൻഷൻ നായനാർ ഓപ്പൺ ഓഡിറ്റോറിയത്തിൽ ഫെബ്രു. 2-4 വരെ നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ കെ.ഐ. വർഗീസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ രാജു ആനിക്കാട്, ഏബി ഏബ്രഹാം, കെ.സി. ജോൺ എന്നിവർ ദൈവവചനം പ്രസംഗിച്ചു. ഗോഡ്സ് വോയ്സ് സംഗീത ശുശ്രൂഷ നിർവഹിച്ചു.

### കണ്ണൂർ സെന്റർ



**കണ്ണൂർ:** ഐ.പി.സി കണ്ണൂർ സെന്റർ കൺവൻഷൻ ഫെബ്രു. 15-17 വരെ വളകൈയിൽ നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ മോനി ചെന്നിത്തല ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ഷാജു സി. ജോസഫ് (കോതമംഗലം), ജോസഫ് ഏബ്രഹാം (തിരുവല്ല), അനീഷ് ഏലപ്പാറ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർമാരായ ബിജു തോമസ് (സെന്റർ വൈസ് പ്രസിഡന്റ്), പി.ജെ.ജോസ് (സെന്റർ സെക്രട്ടറി), റ്റി.വി. റെജി (ജോ. സെക്രട്ടറി) എന്നിവർ നേതൃത്വം നൽകി.

## ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് നിലമ്പൂർ സെന്റർ കൺവൻഷൻ

**നിലമ്പൂർ:** ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് നിലമ്പൂർ സെന്റർ കൺവൻഷൻ മാർച്ച് 29 - 31 വരെ മനാർ ഓഡിറ്റോറിയത്തിൽ നടന്നു. പാസ്റ്റർ ജേക്കബ് മാത്യു (സെന്റർ മിനിസ്റ്റർ) ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ വി.എ.തമ്പി, അജി ആന്റണി, അനിൽ കൊടിത്തോട്ടം, റോയി ചെറിയാൻ എന്നിവർ വചനം പ്രസംഗിച്ചു. പാസ്റ്റർ പോൾസൺ കണ്ണൂരിന്റെ നേതൃത്വത്തിൽ എക്സ്ട്രീം മെലഡീസ് സംഗീത ശുശ്രൂഷ നിർവഹിച്ചു. യുവജന സമ്മേളനം, സോദരീ സമ്മേളനം, പകൽ യോഗങ്ങൾ, കർത്തൃമേശ, സംയുക്ത ആരാധന എന്നിവ നടന്നു.

## എ.ജി. മലബാർ ഡിസ്ട്രിക്റ്റ് സി.എ. യുവജന സമ്മേളനം

**നിലമ്പൂർ:** എ.ജി. മലബാർ ഡിസ്ട്രിക്റ്റ് സി.എ. ഏകദിന സെമിനാർ ഏപ്രിൽ 9 തിങ്കളാഴ്ച രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ എടക്കര എ.ജി.ചർച്ചിൽ നടക്കും. പാസ്റ്റർ പി.എം. ജോർജ്ജുകുട്ടി ഉദ്ഘാടനം ചെയ്യും. റവ.ജോ തോമസ് (ബാംഗ്ലൂർ) ക്ലാസുകൾ നയിക്കും. പാസ്റ്റർ ഷിന്റോ പോൾ (ഡിസ്ട്രിക്റ്റ് സി.എ പ്രസിഡന്റ്), പാസ്റ്റർ ഇമ്മാനുവേൽ പ്രസാദ് (സെക്രട്ടറി), പാസ്റ്റർ ജോബി വി.വി. എന്നിവർ നേതൃത്വം നൽകും. പ്രോഗ്രാം കോർഡിനേറ്റേഴ്സായി പാസ്റ്റർ ജിബോയ് കെ ജോസഫ്, പാസ്റ്റർ ഷിബു സി.സി, പാസ്റ്റർ ജയാനന്ദ് വി. ആർ എന്നിവർ പ്രവർത്തിക്കുന്നു.

## ഐ.പി.സി. നെന്മാറ സെന്റർ ഭാരവാഹികൾ

**നെന്മാറ:** ഐ.പി.സി. നെന്മാറ സെന്ററിന്റെ 2018-19 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ ജിമ്മി കുര്യാക്കോസ് (പ്രസിഡന്റ്), പാസ്റ്റർ പി.എക്സ് പോൾ (വൈസ് പ്രസിഡന്റ്), പാസ്റ്റർ സി.റ്റി ബെന്നി (സെക്രട്ടറി), ബ്രദ. പി.കെ.പ്രഭാകരൻ (ജോ. സെക്രട്ടറി), ബ്രദ. എം.കെ.മാത്യു (ട്രഷറാർ), പാസ്റ്റർ റെജി (ഇവാഞ്ചലിസം ബോർഡ് കൺവീനർ), പാസ്റ്റർ തങ്കരാജ് (പ്രെയർ കൺവീനർ), പാസ്റ്റർ ജോണി (പബ്ലിസിറ്റി കൺവീനർ) എന്നിവരെയും 21 അംഗ കമ്മറ്റിയംഗങ്ങളെയുമാണ് തിരഞ്ഞെടുത്തത്.

## ഐ.പി.സി. മലബാർ മേഖല കൺവൻഷൻ

കെ.എം (കൊച്ചുമോൻ), ബ്രദ. എ.വി.ഏബ്രഹാം. ബ്രദ. മാത്യു വി.സി. ഫിനാൻസ് ജോ. കൺവീനേഴ്സ് ബ്രദ. കെ.ജെ.മാത്യു, അനിൽ കെ, ജി.പി.ജെ സാം, വി.ഡി. ബേബി. തോമസ് ജേക്കബ്, എ.സി. ജോർജ്ജ്. പന്തൽ, ബ്രദ.കെ.എ. മാത്യു, ബ്രദ.ജെയിംസ് വർക്കി. മ്യൂസിക് കൺവീനർ പാസ്റ്റർ ബാബു മഞ്ചേരി. മ്യൂസിക് ജോ. കൺവീനേഴ്സ് പാസ്റ്റർ സ്റ്റീഫൻ മാത്യു, പാസ്റ്റർ അജീഷ് ജോസ്, സിസ്റ്റ. ലിഷാ സജി. ലൈറ്റ് & സൗണ്ട്, പാസ്റ്റർ ഷിബു ഫിലിപ്പ്, പാസ്റ്റർ കെ.സി.സ്കറിയാ. ഫുഡ് കൺവീനേഴ്സ്, പാസ്റ്റർ കെ.വി.ജേക്കബ്, പാസ്റ്റർ ഏബ്രഹാം ജെയിംസ്, ബ്രദ. വി.എസ്. ചാക്കോ. അക്കോമഡേഷൻ, പാസ്റ്റേഴ്സ് സജി ചാക്കോ, മധു, റൊണാൾഡോ. റിസപ്ഷൻ, പാസ്റ്റേഴ്സ് മനോജ് വി.ജി, ഷാജി പി.റ്റി. വോളണ്ടിയേഴ്സ്, പാസ്റ്റർ ബിജു, പാസ്റ്റർ സാബു, പാസ്റ്റർ ബിനിൽ. വിജിലൻസ്, പാസ്റ്റർ മോൻസിക്കുട്ടി. റജിസ്ട്രേഷൻ, പാസ്റ്റർ ലാലു ചാക്കോ. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി വിപുലമായ കമ്മറ്റി പ്രവർത്തിച്ചു വരുന്നു.

## എ.ജി. മലബാർ ഡിസ്ട്രിക്റ്റ് കൺവൻഷൻ

**കോഴിക്കോട്:** എ.ജി. മലബാർ ഡിസ്ട്രിക്റ്റ് കൺവൻഷൻ കോഴിക്കോട് ബീച്ചിൽ ഏപ്രിൽ 19 മുതൽ 22 വരെ നടക്കും. ശുശ്രൂഷക സമ്മേളനം, കോൺഫറൻസ്, മിനിസ്റ്റേഴ്സ് സെമിനാർ, പൊതുയോഗം എന്നിവ ഉണ്ടായിരിക്കും.

## ട്രിനിറ്റി ബൈബിൾ കോളേജ് ഗ്രാജുവേഷൻ

**കോഴിക്കോട്:** എ.ജി. ട്രിനിറ്റി ബൈബിൾ കോളേജ് ഗ്രാജുവേഷൻ ഏപ്രിൽ 15 ബുധനാഴ്ച കോഴിക്കോട് ട്രിനിറ്റി വർഷിപ്പ് സെന്ററിൽ നടക്കും.

### സെൽഫിയുടെ ശുശ്രൂഷകൾ.... പേജ് 2-ൽ നിന്നും.....


വച്ചു കൊണ്ടുള്ളതാണ്. ഇതിനിടയിൽ നാം നമ്മുടെ തലമുറകളെ മറക്കുന്നു.

ഇന്ന് യൗവ്വനക്കാർ ഭൂരിപക്ഷവും സെൽഫി മാനിയ ബാധിച്ച് സ്വസ്നേഹികളായി മാറിയിരിക്കുന്നു എന്നത് വിസ്മരിക്കരുത്. ആത്മാരാധന മനോരോഗമായി മാറുന്ന ഈ കാലത്തിനെ ആധുനിക സാമൂഹ്യ മനഃശാസ്ത്രജ്ഞർ നൽകുന്ന പേര് കൾച്ചർ ഓഫ് നാർസിസ്സം എന്നാണ്. "ഗ്രീക്ക് പുരാണങ്ങളിൽ കാണുന്ന നദീദേവനായ സെഫിനാസിന്റെ മകൻ നാർസിസ്സ് തന്റെ നഗ്നശരീരം ജലത്തിന്റെ പ്രതിബിംബത്തിൽ കണ്ട് അനുരാഗബദ്ധനായി സ്വന്തം നഗ്നശരീരത്തെ പുൽകാൻ നദിയിൽ ചാടി മരിച്ചതു പോലെ, സോഷ്യൽ മീഡിയ ഗെയിമുകളിലൂടെ സ്വസ്നേഹികളായി അപകടം വരുത്തിവയ്ക്കുന്ന ഈ സാഹചര്യത്തിൽ നമ്മുടെ യൗവ്വനക്കാരെ ക്രിസ്തുവിനായി നേടാൻ ഉത്തരവാദിത്തം ആർക്ക്? സ്വന്തം കസേരയും സാമ്രാജ്യവും കെട്ടിപ്പടുക്കുവാൻ തയ്യാറാകുന്ന ആത്മീയവേഷം ധരിച്ച ഗുർമീതിനെപ്പോലെയുള്ള അധികാര ദൈവങ്ങളെ തിരിച്ചറിയണം. യൗവ്വനക്കാരേ, നിങ്ങളെ സഭയ്ക്ക് ആവശ്യമുണ്ട്. മീഡിയായിൽ സമയം മുഴുവൻ കളയാതെ പ്രതികരണ ശേഷിയുള്ള, ആത്മശക്തിയും പാപബോധവുമുള്ള ക്രിസ്തുവിന്റെ ധീരപടയാളികൾ ആകുവാൻ ദൈവം ആഗ്രഹിക്കുന്നു. കൂട്ടു സഹോദര വർഗ്ഗത്തെ ശ്രദ്ധിക്കാതെ സ്വന്തകാര്യം മാത്രം ശ്രദ്ധിക്കുന്ന ഒരു നവസമൂഹം വളർന്നു വരുന്നത് വിസ്മരിക്കരുത്. നാം പരദേശികൾ ആകുന്നു എന്ന ബോധ്യത്തിൽ നിത്യതയ്ക്കായി സ്വയത്തെ നിർമ്മാർജ്ജനം ചെയ്ത് നാളെക്കായി വരുംതലമുറയ്ക്കു വേണ്ടി വഴി തെളിക്കാം. ആ പ്രക്രിയയിൽ അരിമഥ്യയിലെ ജോസഫിനെ പോലെ എന്റേത് എന്നുള്ളത് മാറ്റി സഹോദരവർഗ്ഗത്തിനായി യേശുകർത്താവിനായി ശുശ്രൂഷിക്കാം. ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിൽ നിങ്ങളാൽ കഴിയാത്ത യാതൊരു കാര്യവും ഇല്ല. നിങ്ങൾ ഉണർന്നാൽ സഭ ഉണരും. ആകയാൽ എഴുന്നേൽക്കാം- പ്രവർത്തിക്കാം - പോരാടാം.

## ലേഡീസ് ഗോസ്പൽ മിനിസ്ട്രീസ് ഭാരവാഹികൾ

**വണ്ടൂർ:** ലേഡീസ് ഗോസ്പൽ മിനിസ്ട്രീസ് ഓഫ് കേരളാ വണ്ടൂർ സെക്ടർ ഭാരവാഹികളായി സിസ്റ്റ. മേരി ജോയ് വർഗീസ് (പ്രസിഡന്റ്), സിസ്റ്റ. അനില (വൈസ് പ്രസിഡന്റ്), സിസ്റ്റ. സാലൻ (സെക്രട്ടറി), സിസ്റ്റ.ഷീന (ജോ. സെക്രട്ടറി), സിസ്റ്റ. ലതിക (ട്രഷറാർ) കൂടാതെ 18 അംഗ കമ്മറ്റിയെയും തിരഞ്ഞെടുത്തു. പാസ്റ്റർ ആസ്റ്റിൻ വൈദാനം അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ അനിൽ ജോൺ, പീലിക്കുഞ്ഞ് എന്നിവർ വചനം ശുശ്രൂഷിച്ചു.

## പാസ്റ്റർ വി.റ്റി ഏബ്രഹാമിന്റെ മകൾ ബ്യൂല നിത്യതയിൽ



സതേൺ ഏ.ജി സൂപ്രണ്ടും മലബാർ ഏ.ജി ഡിസ്ട്രിക്റ്റ് സൂപ്രണ്ടുമായ പാസ്റ്റർ വി.ടി ഏബ്രഹാമിന്റെ മകൾ ബ്യൂല (36) യുടെ നിര്യാണം വിശ്വസിക്കാനാവാതെ വിശ്വാസ സമൂഹം.
മലബാറിലെ ഏ.ജി സമൂഹം ഞെട്ടലോടെയാണ് വാർത്ത സ്ഥിരീകരിച്ചത്. പാസ്റ്റർ വി.ടി. ഏബ്രഹാമിന്റെ പ്രവർത്തനങ്ങളിൽ ഏറെ സഹായി ആയിരുന്നു ബ്യൂല. ഏപ്രിൽ 2 ന് തിങ്കളാഴ്ച രാവിലെയായിരുന്നു അന്ത്യം. കഴിഞ്ഞയാഴ്ച പെട്ടെന്നുണ്ടായ ദേഹാസ്വാസ്ഥ്യത്താൽ ആശുപത്രിയിലായിരുന്നു. താഴ്ന്ന രക്തസമ്മർദമാണ് മരണകാരണമെന്ന് അറിയുന്നു. തൃശൂർ ആൽപ്പാറയിലെ ഇടപ്പാറ വീട്ടിൽ ഐസക്കിന്റെ ഇളയ മകൻ ബിജു ഐസക് ആണ് ഭർത്താവ്. ജോവൽ ബിജു, ജെറോം ബിജു എന്നിവരാണ് മക്കൾ. സംസ്കാരം പിന്നീട്.

# VISION VOICE
News Magazine

PRIVATE CIRCULATION ONLY

VISION VOICE
Wandoor P.O.,Nliambur, Malappuram - 679 328, Kerala
Ph.: 8138886600, Email: visionvoicewdr@gmail.com
**Yearly Subscription Rs.150/-**







CITY HEIGHT
DEVELOPERS





Executive Director

പെന്തെക്കോസ്തു പ്രസ്ഥാനങ്ങളുടെയും സഭാവിശ്വാസികളുടെയും എല്ലാവിധ നിർമ്മാണങ്ങൾക്കും **ബ്രദർ ഷിബിൻ തോമസിന്റെ** ശുപാർശയോടെ 2% മുതൽ 5% വരെ ഇളവു ചെയ്തു കൊടുക്കുന്നു.

Silver City Complex, NGO quarters
Merikunnu P.O., Calicut - 673 012

Email : info@cityheightbuilders.com
sales@cityheightbuilders.com

Phone: +91 495 6500500
Mob: +91 8592011117, 9746777006/02
www.cityheightsbuilders.com

## REHOBOTH
### GROUP OF INSTITUTION
Bangalore

Spirit of Excellence

EL-SHADDAI EDUCATIONAL & CHARITABLE TRUST®

SHEKHAR COLLEGE OF NURSING    REHOBOTH INSTITUTE OF NURSING

***GNM (Nursing) 3 yrs***
***B.Sc (Nursing) 4 yrs***
***PB. B.Sc (Nursing) 2 yrs***
***M.Sc (Nursing) 2 yrs***

- Seperate Hostel for Boys and Girls
- North Indian and South Indian Food
- Qualified and Dedicated Teaching Staff
- 100% Placement within India and Assistance to Abroad
- Loan assistance
- Scholarship for meritorious students



Contact us:
**MANANTHAVADY**
**09405030917/ 09744731332**
**09448020269**

No.44/1, TAWAKKAL BUILDING, HENNUR, BAGALUR MAIN ROAD, BANGALORE - 562149

## REHOBOTH
### OVERSEAS CONSULTANTS

We believe in quality

LET'S GO
# CANADA



- **Study in Canada**
- **Business Immigration**
- **Express Entry**
- **IELTS Coaching**

Contact us:
**MANANTHAVADY**
**09405030917/ 09744731332/ 09448020269**



Printed, Published & Owned by Pastor Anil John. Published at IPC Gilgal Wandoor.P.O., Malappuram. Chief Editor - Pastor Anil John